(ഇ) എത്ര കേസ്സുകളിൽ ശിക്ഷിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) 1983-ൽ നടത്തിയ സെൻസസ് അനുസരിച്ച് 109 കാട്ടാനകളുണ്ടായിരുന്നു.

(ബി) 1983-നുശേഷം സംസ്ഥാനത്തെ വനങ്ങളിലുള്ള കാട്ടാനകളുടെ സെൻസസ് നടത്തിയിട്ടില്ല.

(സി) ചാലക്കുടി, വാഴച്ചാൽ എന്നീ ഡിവിഷനുകളിലെ വനത്തിൽനിന്നും ഒരാനയും ഈ കാലയളവിൽ കൊല്ലപ്പെട്ടിട്ടില്ല.

(ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

അതുമ്പുംകുളം—തണ്ണിത്തോട് റോഡ് കടന്നുപോകുന്ന വനപ്രദേശം

2025 [3137] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: താഴക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതുമ്പുംകുളം—തണ്ണിത്തോട് റോഡ് എത്ര കിലോമീറ്റർ ദൂരം വനപ്രദേശത്തുകൂടി പോകുന്നുണ്ട്;

(ബി) ഈ റോഡ് കാൽനടയാത്രയ്ക്കും വാഹനയാത്രയ്ക്കും ഉപയോഗയോഗ്യമല്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡ് വീതി വർദ്ധിപ്പിച്ച് ഗതാഗതയോഗ്യമാക്കുന്നതിന് നിലവിലിരിക്കുന്ന ഫോറസ്റ്റ് കൺസർവേഷൻ ആക്ട് തടസ്സമാണോ;

(ഡി) ഈ റോഡിനാവശ്യമായ സ്ഥലം വിട്ടുതരണമെന്ന് ഡിപ്പാർട്ടുമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടെന്നു വ്യക്തമാക്കുമോ;

(എഫ്) ഇന്നുള്ള റോഡിന്റെ അറ്റകുറ്റപ്പണികൾ ചെയ്യാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ എന്തു നടപടിയെന്ന് വിശദീകരിക്കുമോ;

(എച്ച്) ഫ്ളഡ് ഡാമേജ് വർക്കിൽ ഉൾപ്പെടുത്തി ഈ റോഡിന്റെ മെയിന്റനൻസ് നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റിസർവ്വ് വനത്തിലൂടെ 5.38 കി. മീറ്റർ.

(ബി) റോഡ് ഉടനീളം ഗതാഗതയോഗ്യമല്ലെന്നു പറയാൻ സാദ്ധ്യമല്ല. കോന്നി വനം ഡിവിഷന്റെ അതിർത്തികളിലൂടെ പോകുന്ന റോഡിന്റെ ചില ഭാഗങ്ങൾ സുഗമമായ ഗതാഗതത്തിന് യോഗ്യമല്ലെന്നറിയാം. എന്നിരുന്നാലും ജീപ്പുകൾ, ബസ്സ് എന്നിവ ഈ റോഡിലൂടെ പോകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്രവനസംരക്ഷണനിയമം തടസ്സം നിൽക്കുന്നുവെന്നു പറയുന്നതു ശരിയല്ല. വീതി വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര വനസംരക്ഷണനിയമം അനുസരിച്ച് കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യമാണെന്നുള്ളതാണ് വസ്തുത.

(ഡി, ഇ) കേന്ദ്ര വനസംരക്ഷണനിയമം അനുസരിച്ചുള്ള അനുമതിക്ക് കേന്ദ്രഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്, ജി, എച്ച്) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വെള്ളപ്പൊക്ക കെടുതിക്കുള്ള കേന്ദ്രഗവൺമെൻറിന്റെ ധനസഹായത്തിന് സമർപ്പിച്ചിട്ടുള്ള പദ്ധതിയിൽ ഈ റോഡിന്റെ അറകുറ്റപ്പണികളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സ്വകാര്യഭൂമിയിലെ മരം മുറിച്ചുമാറ്റുന്നതിനുള്ള വ്യവസ്ഥകൾ

2026 [3138] ശ്രീ. പി. എം. അബൂബക്കർ:
,, കെ. പി. എ. മജീദ്:
,, സ്റ്റീ. ടി. അഹമ്മദ് അലി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, കെ. എം. ഹംസക്കുഞ്ഞ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യഭൂമിയിൽ നിൽക്കുന്ന മരം മുറിച്ചുമാറ്റുമ്പോൾ പകരം മരം നടണമെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അതു ചാലിക്കാറ്റപ്പടണമെന്നു ഉറപ്പു വരുത്താൻ എന്തെങ്കിലും സംവിധാനമുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മരം മുറിക്കുന്നതിന് അനുവാദം കൊടുക്കുന്നതിനു മുൻപ് മുറിക്കുന്ന അത്രയും അതേ ഇനത്തിൽപ്പെട്ടതോ അല്ലെങ്കിൽ അനുയോജ്യമായ ഇനത്തിൽപ്പെട്ടതോ ആയ വൃക്ഷങ്ങൾ ഫലപ്രദമായി പകരം നട്ടുപിടിപ്പിക്കണമെന്ന് ഒരു വ്യവസ്ഥ, അപേക്ഷകനെക്കൊണ്ട് അംഗീകരിപ്പിക്കും. കേരള വൃക്ഷസംരക്ഷണ നിയമത്തിന് ചട്ടങ്ങൾ ഉണ്ടാക്കുമ്പോൾ ഇതിനുകൂടി വ്യവസ്ഥകൾ ചട്ടത്തിൽ ഉൾപ്പെടുത്തുന്നുണ്ട്.

ഫോറസ്റ്റ് റെയിഞ്ചർ കോഴ്സിന് റിക്രൂട്ട്മെൻറ്

2027 [3139] ശ്രീ. സി. കെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് റെയിഞ്ചർ കോഴ്സിന് റിക്രൂട്ട്മെൻറ് നടത്തുമ്പോൾ വനം വകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫിനെ പരിഗണിക്കാറുണ്ടോ:

LIBRARY ARCHIVES Kerala Legislative Assembly